പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5800 05.07.2013 -ൽ മറുപടിക്ക്

# പൊതുമരാമത്തു വകുപ്പ് റോഡ് വികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുമരാമത്തു വകുപ്പ് നടപ്പിലാക്കിയ റോഡ് വികസന പദ്ധതികളുടെ സംക്ഷിപ്തം അറിയിക്കുമോ ; | (എ) കെ.എസ്.ടി.പി<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 285 കി.മീ. ദൈർഘ്യമുള്ള 13 റോഡുകളുടെ ഉപരിതലം പുതുക്കുകയും, കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെട്ട 120 കി.മീ. ദൈർഘ്യം വരുന്ന 4 റോഡുകളുടെ മെയിന്റനൻസ് പൂർത്തിയാക്കിയിട്ടുണ്ട്. നേരത്തെ ഹെവിമെയിന്റനൻസ് ചെയ്ത 10 റോഡുകളിൽ റോഡ് സുരക്ഷാ പണികൾ പൂർത്തിയാക്കി. തളിപ്പറമ്പ്-ഇരിട്ടി റോഡിന്റെ അപ്ഗ്രഡേഷൻ പണികളും, മുത്തോലി-കുറിഞ്ഞി-രാമപുരം-മുണ്ടുപാലം റോഡിന്റെ ഹെവിമെയിന്റനൻസ്, എം.സി. റോഡിലെ സോഷ്യൽ മിറ്റിഗേഷൻ ജോലികൾ എന്നിവ പൂർത്തിയായി വരുന്നു.<br>ദേശീയപാത<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം താഴെ പറയുന്ന പദ്ധതികൾക്ക് കേന്ദ്രം അനുമതി നല്കിയിട്ടുണ്ട്. |

| | | |
|---|---|---|
| 2011-12 - | NH(O) | - 154.59 കോടി |
| | PR | - 0 |
| | CRF | - 0 |
| | OR | - 4.56 കോടി |
| | FDR | - 13.19 കോടി |
| 2012 -13 | NH(O) | - 213.60 കോടി |
| | PR | - 32.31 കോടി |
| | CRF | - 66.39 കോടി |
| | OR | - 9.67 കോടി |
| | FDR | - 9.10 കോടി |
| 2013-14 | CRF | - 87.31 കോടി |

റോഡുകളും പാലങ്ങളും

ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന ഗതാഗതത്തിരക്ക് പരിഹരിക്കാൻ 23 പദ്ധതികൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) നാഷണൽ ഹൈവേ, സംസ്ഥാനപാത, ജില്ലാ റോഡുകൾ, പഞ്ചായത്തു റോഡുകൾ എന്നിവ എത്ര കിലോമീറ്റർ വീതം ഗതാഗത യോഗ്യമാക്കിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ദേശീയപാതാ വിഭാഗത്തിൽ 716.70 കി.മീ. റോഡുകളുടെ വികസനമാണ് നടന്നിട്ടുള്ളത്. ഇതു സംബന്ധിച്ചുള്ള വിശദ വിവരം ചുവടെ ചേർക്കുന്നു. (ഓരോ പദ്ധതിയിലും വികസിപ്പിച്ച റോഡിന്റെ നീളം)

| | | |
|---|---|---|
| CRF | : | 156.42 Km |
| IRQP | : | 481.49 Km |
| State fund | : | 78.79 Km |
| Total | | 716.70 Km |

നിരത്തുകളും പാലങ്ങളും വിഭാഗം

സംസ്ഥാനപാത - 2364.122 കി.മീ.
ജില്ലാറോഡുകൾ - 6873.075 കി.മീ.
പഞ്ചായത്തു റോഡുകൾ -2131.860
കോർപ്പറേഷൻ റോഡുകൾ - 161.270 കി.മീ.

കെ.ആർ.എഫ്.ബി

തിരുവനന്തപുരം റോഡുവികസന റോഡു പദ്ധതിയുടെ ഭാഗമായി 26 കി.മീ. റോഡുകളുടെ വികസനം പൂർത്തിയാക്കി.

(സി ദേശീയ പാത വികസനം സംബന്ധിച്ച നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ ;

(സി) ദേശീയപാത വികസനപദ്ധതി Phase II & III കേരളത്തിൽ NHAI മുഖാന്തിരമാണ് ചെയ്യുന്നത്. ഇതിൽ NHAI (66) ൽ കോഴിക്കോട് PIU ന്റെ കീഴിലുള്ള കർണ്ണാടക കേരള അതിർത്തി മുതൽ കുറ്റിപ്പുറം വരെയുള്ള ഭാഗങ്ങളിൽ സ്ഥലമെടുപ്പ് പ്രക്രിയ നടക്കുന്നതേയുള്ളു. കൊച്ചി PIU ന്റെ കീഴിലുള്ള NH 17 (66) കുറ്റിപ്പുറം മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗത്തിന്റെയും സ്ഥലമെടുപ്പ് പ്രക്രിയ നടന്നുകൊണ്ടിരിക്കുന്നതേയുള്ളു. NH 47 ൽ (544) വാളയാർ മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗങ്ങളിൽ സ്ഥലം എടുപ്പ് പൂർത്തിയായിട്ടുണ്ട്. ഇതിൽ തൃശ്ശൂർ മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗത്തിന്റെ 4 വരിപ്പാതയാക്കൽ പൂർത്തീകരിച്ചിട്ടുണ്ട്, തൃശ്ശൂർ മുതൽ വടക്കൻഞ്ചേരി വരെയുള്ള ഭാഗത്ത് പദ്ധതി ബാധിതർ അധിക

നഷ്ടപരിഹാരം ആവശ്യപ്പെട്ട് പദ്ധതി നടപ്പിലാക്കുന്നത് തടസ്സപ്പെടുത്തിയിട്ടുണ്ട്. ഇതുമൂലം 5% പണി മാത്രമേ ഈ ഭാഗത്ത് പുരോഗമിക്കാൻ കഴിഞ്ഞിട്ടുള്ളു. വാളയാർ മുതൽ വടക്കൻഞ്ചേരി വരെയുള്ള ഭാഗത്തിന്റെ BOT കരാർ ഒപ്പിട്ട് പണി തുടങ്ങുവാനുള്ള അവസ്ഥയിലാണ്. NH 47(66) തിരുവനന്തപുരം PIU ന്റെ കീഴിലുള്ള ഇടപ്പള്ളി മുതൽ അരൂർ വരെ NHAI 4 വരിപ്പാതയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന അരൂർ മുതൽ ചേർത്തല വരെയുള്ള ഭാഗം PWD ദേശീയപാതാ വിഭാഗം നേരത്തേ തന്നെ നാലു വരിപ്പാതയാക്കിയിട്ടുള്ളതാണ്. എന്നാൽ ഈ റീച്ചിലെ ശേഷിക്കുന്ന പണികൾ NHAI ക്ക് പൂർത്തിയാക്കാനുണ്ട്. ചേർത്തല മുതൽ തിരുവനന്തപുരം (കഴക്കൂട്ടം) വരെയുള്ള ഭാഗങ്ങളിലെ സ്ഥലം എടുപ്പ് പ്രക്രിയകൾ നടന്നു വരുന്നതേയുള്ളു. NH 47(66) തിരുവനന്തപുരം (കഴക്കൂട്ടം) മുതൽ തമിഴ്നാട് അതിർത്തിവരെയുള്ള ബൈപ്പാസിൽ കഴക്കൂട്ടം മുതൽ മുക്കോലവരെയുള്ള ഭാഗം standalone പ്രോജക്ടായി സർവീസ് റോഡോടുകൂടിയ നാലുവരിപ്പാതയായി വികസിപ്പിക്കാൻ NHAI നടപടി സ്വീകരിച്ചിട്ടുണ്ട്. മുക്കോല മുതൽ സംസ്ഥാന അതിർത്തി വരെയുള്ള ഭാഗത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ നടന്നു വരുന്നു. മറ്റ് അഞ്ച് ദേശീയപാതകളായ NH 49 (85), NH 208(744), NH 212(766), NH 213 (966), NH 220(183) എന്നിവ NHDP Phase IV A ൽപ്പെടുത്തി പേവ്ഡ് ഷോർഡറോടുകൂടിയ രണ്ട് വരിപ്പാതയായി വികസിപ്പിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഇത് സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്ക് അനുയോജ്യമല്ലാത്തതിനാൽ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട പ്രകാരം ഈ ഹൈവേകൾ ദേശീയ പാതാവികസനപദ്ധതിയിൽ നിന്ന് വേർപെടുത്തിയിട്ടുണ്ട്. ഇനിയുള്ള പ്രവൃത്തികൾ കേന്ദ്ര സർക്കാരിന്റെ വാർഷിക ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് ചെയ്യുവാനാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരിയ്ക്കുന്നത്. കൂടാതെ കരമന കളയിക്കാവിള റോഡുവികസനത്തിനുള്ള സ്ഥലമെടുപ്പ് നടപടികൾ ദ്രുത ഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള കി.മീ. ഭാഗത്തെ സ്ഥലമെടുപ്പ് നടപടികൾ അന്തിമ ഘട്ടത്തിലാണ്. 16.04.2013 - ൽ കൂടിയ സംസ്ഥാനതല ഉന്നതാധികാര സമിതി

(SLEC) ഈ ഭാഗത്ത് ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വില അംഗീകരിക്കുകയും അതനുസരിച്ച് സ്ഥലമെടുപ്പിനായി 100 കോടി രൂപയ്ക്ക് നടപ്പു വർഷത്തെ ബഡ്ജറ്റിൽ നിന്നും അനുമതി നല്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ആദ്യഘട്ടമായ കരമന മുതൽ വഴിമുക്ക് വരെയുള്ള 12 കി.മീ. ഭാഗം 30.20 മീറ്റർ വീതിയിൽ 4 വരിയായി വികസിപ്പിക്കുന്നതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. 253 കോടി രൂപ നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്നു. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്.

(ഡി) ചൈന, മലേഷ്യ തുടങ്ങിയ വിദേശ രാജ്യങ്ങളിൽ നിന്നും റോഡ്, പാലം, കെട്ടിട നിർമ്മാണം മേഖലയിലേക്ക് കേരളത്തിന് സ്വീകാര്യമായ എന്തു കാര്യങ്ങളാണ് പൊതുമരാമത്ത് വകുപ്പ് പഠിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ ?

(ഡി) ചൈനയിലെ എക്സ്പ്രസ് ഹൈവേയും, പുതിയ സാങ്കേതിക വിദ്യയായ സ്റ്റോൺ മാട്രിക്സ് ആസ്ഫാൾട്ട് (SMA) കൊണ്ടു നിർമ്മിച്ച റോഡുകളും പൊതുമരാമത്ത് വകുപ്പു മന്ത്രിയുടെ നേതൃത്വത്തിലുള്ള ഉന്നതതല സംഘം സന്ദർശിക്കുകയുണ്ടായി. ഇതിൽ (SMA) എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള റോഡുകളുടെ ഉപരിതലം നിർമ്മിക്കുന്നത് റോഡിന് കൂടുതൽ ആയുസ്സ് ലഭിക്കുമെന്നതിനു പുറമേ റോഡിന്റെ ഉപരിതലം തെറ്റൽ വരാതെ ദീർഘകാലം ഈട് നിലനിർത്തുകയും ചെയ്യും. ഇതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ടി.പി.- രണ്ട് പദ്ധതിയിൽപ്പെട്ട റോഡുകളിൽ 20 കി.മീ. ദൂരം SMA ഉപയോഗിച്ച് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ